ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:21-03-2024**

## പ്രധാനവാർത്തകൾ

1. **ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. മണ്ഡല പര്യടനം സജീവമാക്കി സ്ഥാനാർത്ഥികൾ.**
2. **തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനം സംബന്ധിച്ച് കേന്ദ്രം കൊണ്ടുവന്ന പുതിയ നിയമം സ്റ്റേ ചെയ്യാൻ വിസമ്മതിച്ച് സുപ്രീം കോടതി.**
3. **വികസിത് ഭാരത് പ്രമേയമാക്കി വാട്ട്സാപ്പ് സന്ദേശങ്ങൾ അയയ്ക്കുന്നത് നിർത്തിവയ്ക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര സർക്കാരിന് നിർദ്ദേശം നൽകി**
4. **തിരഞ്ഞെടുപ്പ് ബോണ്ടുകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കൈമാറിയതായി എസ്.ബി.ഐ സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകി.**
5. **കോഴിക്കോട് സർവകലാശാല വൈസ് ചാൻസിലറെ പുറത്താക്കിയ ചാൻസിലർ ആരിഫ് മുഹമ്മദ് ഖാൻറെ നടപടി സ്റ്റേ ചെയ്ത് ഹൈക്കോടതി.**
6. **ഐ.പി.എൽ ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസണ് നാളെ തുടക്കം.**

**$$$$$$$$$$$$$$$$$$$**

RNU TVPM

## ലോക്സഭാ സംസ്ഥാനം

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി. മണ്ഡല പര്യടനത്തിന്റെ തിരക്കിലാണ് സ്ഥാനാർത്ഥികൾ.

കേരളത്തിലെ 20 ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 28 ന് പുറപ്പെടുവിക്കും. ഏപ്രിൽ 4 ആണ് പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. മാർച്ച് 18 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 2 കോടി 72 ലക്ഷത്തി 80,160 വോട്ടർമാരാണുള്ളത്. വോട്ടർ പട്ടികയിൽ ഇത് വരെ പേരു ചേർക്കാത്തവർക്ക് മാർച്ച് 25 വരെ ഇതിന്

അവസരമുണ്ട്. വോട്ടെടുപ്പിനായി 25,358 ബൂത്തുകൾ സംസ്ഥാനത്ത് സജ്ജീകരിക്കും.

$$$$$$$$$$$$$$$$$$$

## ലോക്സഭാ മണ്ഡലം - ആറ്റിങ്ങൽ

PNU TVPM

തിരുവനന്തപുരം ജില്ലയിലെ രണ്ടാമത്തെ ലോക്സഭാ മണ്ഡലമായ ആറ്റിങ്ങലിൽ മൂന്ന് മുന്നണികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി തുടരുന്നു.

സിറ്റിംഗ് എം പിയും യു ഡി എഫ് സ്ഥാനാർത്ഥിയുമായ അടൂർ പ്രകാശ് മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഇന്ന് പര്യടനം നടത്തി. യു ഡി എഫ് ആറ്റിങ്ങൽ നിയോജക മണ്ഡലം കൺവെൻഷൻ ഇന്ന് കിളിമാനൂർ ടൌൺ ഹാളിൽ നടന്നു. എൽ ഡി എഫ് സ്ഥാനാർത്ഥി വി. ജോയ് ഇന്ന് അരുവിക്കരയും ചിറയിൻകീഴിലെ തീരദേശ മേഖലകളും ഉൾപ്പെടെ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ പര്യടനം നടത്തി. എൻ ഡി എ സ്ഥാനാർത്ഥി വി മുരളീധരൻ ഇന്ന് അഞ്ചു തെങ്ങ്, കുടവൂർക്കോണം മേഖലകളാണ് സന്ദർശിച്ചത്.

$$$$$$$$$$$$$$$$$$$

## കോട്ടയം പോൾ - ഇൻട്രോ

പ്രചാരണം രണ്ടാം ഘട്ടത്തിലേക്ക് കടന്നതോടെ, തിരഞ്ഞെടുപ്പ് ചൂടിലാണ് കോട്ടയം ലോക്സഭാ മണ്ഡലം. . വാശിയേറിയ പോരാട്ടമാണ് മൂന്ന് മുന്നണികളും കാഴ്ചവെയ്ക്കുന്നത്..

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു.....

(വോയിസ്)

**$$$$$$$$$$$$$$$$$$$$**

**ത്രികോണമൽസരം - കാസർഗോഡ്**

സപ്ത ഭാഷാ സംഗമ ഭൂമിയായ കാസർഗോഡ് ലോക്സഭാ മണ്ഡലത്തിൽ ഇക്കുറിയും ത്രികോണമൽസരമാണ് നടക്കുന്നത്. എൽ.ഡി.എഫ് സ്ഥാനാർത്ഥി എം.വി.ബാലകൃഷ്ണൻ മണ്ഡലത്തിലെ പയ്യന്നൂരിൽ രണ്ടാം വട്ടം പര്യടനം പൂർത്തിയാക്കി. UDF സ്ഥാനാർത്ഥിയും നിലവിലെ എം.പി.യുമായ രാജ്മോഹൻ ഉണ്ണിത്താൻ കാഞ്ഞങ്ങാട് മേഖലയിൽ പര്യടനം തുടരുകയാണ്. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കൂടിയായ N.D.A. സ്ഥാനാർത്ഥി എം.എൽ. അശ്വിനി ഇന്ന് കല്യാശ്ശേരിയിൽ പര്യടനം പൂർത്തിയാക്കി.

**$$$$$$$$$$$$$$$$$$$$**

**ഹരിതചട്ടം**

ലോക്സഭാ തിരഞ്ഞെടുപ്പ് പൂർണമായും ഹരിതചട്ടം പാലിച്ചുകൊണ്ട് നടപ്പാക്കുന്നതിനായുള്ള കൈപ്പുസ്തകം മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പുറത്തിറക്കി. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു. വി ജോസിന് ആദ്യപ്രതി കൈമാറി. ശുചിത്വ മിഷൻറെയും ഹരിതകേരളം മിഷൻറെയും സഹകരണത്തോടെയാണ് കൈപ്പുസ്തകം തയ്യാറാക്കിയിരിക്കുന്നത്..

**$$$$$$$$$$$$$$$$$$$$**

RNUTVPM

## സുപ്രീം കോടതി- തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനം സംബന്ധിച്ച് കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ നിയമം സ്റ്റേ ചെയ്യാൻ വിസമ്മതിച്ച് സുപ്രീം കോടതി. ലോക്സഭാ തിരഞ്ഞെടുപ്പ് ആസന്നമായ സന്ദർഭത്തിൽ സ്റ്റേ അനുവദിക്കാനാകില്ലെന്ന് ജസ്റ്റിസ് സഞ്ജീവ് ഖന്നയും, ദീപാങ്കർ ദത്തയും ഉൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി. പുതിയതായി നിയമിതരായ രണ്ട് തിരഞ്ഞെടുപ്പ് കമ്മീഷണർമാർക്കെതിരെയും ഒരുവിധ ആരോപണവും നിലനിൽക്കുന്നില്ലെന്നും കോടതി നിരീക്ഷിച്ചു.

**$$$$$$$$$$$$$$$$$$$$**

## വാട്ട്സാപ്പ്

വികസിത് ഭാരത് പ്രമേയമാക്കി വാട്ട്സാപ്പ് സന്ദേശങ്ങൾ അയയ്ക്കുന്നത് അടിയന്തരമായി നിർത്തിവയ്ക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര സർക്കാരിന് നിർദ്ദേശം നൽകി. ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷവും ഇത്തരം സന്ദേശങ്ങൾ വരുന്നതായി നിരവധി പരാതികൾ ലഭിച്ച പശ്ചാത്തലത്തിലാണ് നടപടി. പെരുമാറ്റ ചട്ടം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് അയച്ച സന്ദേശങ്ങൾ, സാങ്കേതിക പോരായ്മകൾ നിമിത്തം വൈകി ലഭിക്കുന്നതാകാം ഇതിന് കാരണമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഐ.റ്റി മന്ത്രാലയം തിരഞ്ഞെടുപ്പ് കമ്മീഷന് മറുപടി നൽകി.

PIJU TVPM

**$$$$$$$$$$$$$$$$$$$$**

## തിരഞ്ഞെടുപ്പ് ബോണ്ട്

തിരഞ്ഞെടുപ്പ് ബോണ്ടുകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും തിരഞ്ഞെടുപ്പ് കമ്മീഷന് കൈമാറിയതായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. ബോണ്ട് തിരിച്ചറിയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ കൈമാറിയതായി എസ്.ബി.ഐ വ്യക്തമാക്കി. ബോണ്ട് വാങ്ങിയവരെയും, സ്വീകരിച്ച രാഷ്ട്രീയ പാർട്ടികളെയും തിരിച്ചറിയുന്നതിനുള്ള നമ്പരാണിത്. ബോണ്ട് സംബന്ധിച്ച എല്ലാ വിവരങ്ങളും ഇന്ന് വൈകുന്നേരത്തിനകം കൈമാറി സത്യവാങ് മൂലം സമർപ്പിക്കണമെന്ന് സുപ്രീംകോടതി എസ്.ബി.ഐയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

**$$$$$$$$$$$$$$$$$$$$**

## ഹൈക്കോടതി

കോഴിക്കോട് സർവകലാശാല വൈസ് ചാൻസിലർ ഡോ. എം കെ ജയരാജിനെ പുറത്താക്കിയ ചാൻസലർ ആരിഫ് മുഹമ്മദ് ഖാന്റെ നടപടി

ഹൈക്കോടതി സ്റ്റേ ചെയ്തു. യുജിസി മാനദണ്ഡങ്ങൾക്കനുസരിച്ച് അല്ല അദ്ദേഹത്തെ നിയമിച്ചതെന്ന് ചൂണ്ടിക്കാട്ടിയാണ് വൈസ് ചാൻസലറെ ചാൻസർ കൂടിയായ ഗവർണർ പുറത്താക്കിയത്. എന്നാൽ സംസ്കൃത സർവകലാശാല വൈസ് ചാൻസിലർ ഡോ. എം വി നാരായണനെ പുറത്താക്കിയ നടപടി കോടതി സ്റ്റേ ചെയ്തില്ല.

$$$$$$$$$$$$$$$$$$$$

വി.മുരളീധരൻ

അഞ്ചുതെങ്ങിൽ നിന്ന് തൊഴിൽതേടി വിദേശത്തുപോയി യുദ്ധഭൂമിയിൽ അകപ്പെട്ടവരെ തിരികെയെത്തിക്കാൻ ശ്രമം നടക്കുന്നതായി കേന്ദ്രവിദേശകാര്യസഹമന്ത്രി വി.മുരളീധരൻ. റഷ്യയിലെ ഇന്ത്യൻ സ്ഥാനപതിയുമായി നിരന്തരം ബന്ധപ്പെട്ട് വരികയാണെന്നും യുവാക്കളുടെ ബന്ധുക്കളെ അഞ്ചുതെങ്ങിലെത്തി സന്ദർശിച്ച ശേഷം കേന്ദ്രമന്ത്രി പറഞ്ഞു. യുവാക്കളുടെ വിവരങ്ങൾ ഇന്ത്യൻ എംബസി റഷ്യൻ അധികൃതർക്ക് കൈമാറി. ഇത്തരത്തിൽ റഷ്യയിൽ എത്തിയ ഏകദേശം 20 പേരുടെ വിവരങ്ങൾ കേന്ദ്രസർക്കാരിൻറെ പക്കലുണ്ട്. യുവാക്കളെ കൊണ്ടുപോയ വ്യാജ റിക്രൂട്ടിങ് ഏജൻസിക്കെതിരെ സിബിഐ അന്വേഷണം തുടങ്ങിയതായും കേന്ദ്രമന്ത്രി പറഞ്ഞു.

PNUTVPM

$$$$$$$$$$$$$$$$$$$$

മുഖ്യമന്ത്രി

പൗരത്വ ഭേദഗതി നിയമത്തിനെതിരായ അഞ്ച് ബഹുജന റാലികളെ മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ അഭിസംബോധന ചെയ്യും. നാളെ കോഴിക്കോട് ആരംഭിക്കുന്ന പരിപാടി തുടർന്നുള്ള ദിവസങ്ങളിൽ - കാസർകോട്, കണ്ണൂർ, മലപ്പുറം, കൊല്ലം ജില്ലകളിലും നടക്കും. മാർച്ച് 30 മുതൽ ഏപ്രിൽ 22 വരെയാണ് മുഖ്യമന്ത്രിയുടെ മണ്ഡലതല തെരഞ്ഞെടുപ്പ് പ്രചരണ പരിപാടി. ഒരോ പാർലമെന്റ് മണ്ഡലത്തിലും മൂന്ന് പരിപാടികൾ വീതമാണ് ഉണ്ടാവുക.

$$$$$$$$$$$$$$$$$$$$

## ടിപ്പർ ലോറി

വിഴിഞ്ഞത്ത് ടിപ്പർ ലോറികൾ മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷാ പരിശോധനകൾ കർശനമാക്കുമെന്ന് ജില്ലാ കളക്ടർ ജെറോമിക് ജോർജ് . തുറമുഖ നിർമ്മാണത്തിനായി ലോഡുമായി പോയ ടിപ്പറിൽ നിന്നും കരിങ്കൽ തെറിച്ചുവീണ് വിദ്യാർത്ഥി മരിച്ച സംഭവത്തിൻ്റെ പശ്ചാത്തലത്തിൽ ചേർന്ന സർവ്വകക്ഷി യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കളക്ടർ. പോലീസും മോട്ടോർ വാഹന വകുപ്പും ചേർന്ന് വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനകൾ നടത്തും. ഓവർ ലോഡുകൾ പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിന്റെ പ്രത്യേക സ്ക്വാഡിനെ ചുമതലപ്പെടുത്തും. ടിപ്പറുകളുടെ സമയക്രമത്തിലും മാറ്റം വരുത്തും. ഏറ്റവും അധികം തിരക്കുള്ള രാവിലെ എട്ടു മുതൽ പത്തു വരെ ടിപ്പറുകൾ നിരത്തിലിറങ്ങുന്നത് പൂർണ്ണമായും തടയും. ഡ്രൈവർമാരുടെ യോഗ്യത സംബന്ധിച്ച് പരിശോധന നടത്തുമെന്നും കളക്ടർ അറിയിച്ചു

$$$$$$$$$$$$$$$$$$$

## കടുവയെ പിടികൂടി

കണ്ണൂർ അടക്കാത്തോട് ജനവാസമേഖലയിൽ ഇറങ്ങിയ കടുവയെ പിടികൂടി. പ്രത്യേക ദൗത്യസംഘം മയക്ക് വെടിവച്ചാണ് കടുവയെ പിടികൂടിയത്. അവശനിലയിൽ കണ്ടെത്തിയ കടുവയെ വിദഗ്ദ പരിശോധനക്ക് ശേഷം എവിടേക്ക് മാറ്റണമെന്ന് തീരുമാനിക്കും. ഈ മാസം 12 നാണ് കടുവയെ ജനവാസ മേഖലയിൽ കണ്ടെത്തിയത്. രണ്ട് തവണ പ്രത്യേക ദൗത്യസംഘത്തിൻ്റെ മുന്നിൽ പെട്ടെങ്കിലും കടുവ രക്ഷപെടുകയായിരുന്നു. ദിവസങ്ങൾ നീണ്ട തിരച്ചിലിനൊടുവിലാണ് കടുവയെ വീണ്ടും കണ്ടെത്തി പിടി കൂടിയത്.

$$$$$$$$$$$$$$$$$$$

## കീം

കേരളത്തിലെ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേക്കുള്ള KEAM കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ തീയതികൾ പ്രഖ്യാപിച്ചു. 2024 ജൂൺ 1 മുതൽ 9 വരെയുള്ള തീയതികളിൽ വിവിധ ഘട്ടങ്ങളിലായാണ് പരീക്ഷ നടത്തുന്നത്. ദുബായ്, മുംബൈ, ഡൽഹി എന്നീ പരീക്ഷാ കേന്ദ്രങ്ങളിലും ഈ തീയതികളിലാണ് പരീക്ഷ നിശ്ചയിച്ചിരിക്കുന്നത്.

$$$$$$$$$$$$$$$$$$$

RNUTVPM

## കേരള ഹിന്ദി പ്രചാര സഭ

കേരള ഹിന്ദി പ്രചാര സഭ നടത്തി വരുന്ന ഹിന്ദി ടൈപ്പ്റൈറ്റിങ് പരീക്ഷകൾ അടുത്തമാസം 4, 5, 6 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. പരീക്ഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത ഫീസ് സഹിതം, ഈ മാസം 25 നകം തിരുവനന്തപുരത്തെ സഭാ കാര്യാലയത്തിൽ കിട്ടത്തക്ക വിധം അപേക്ഷകൾ അയക്കണം. 20 രൂപ ഫൈനോട് കൂടി ഈ മാസം 30 ന് മുൻപായും പരീക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്.

**$$$$$$$$$$$$$$$$$$$$**

## ഐപിഎൽ

ഐ.പി.എൽ ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസണ് നാളെ തുടക്കം. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് കളിയാരംഭിക്കുക. ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിങ്സ്, റോയൽ ചാലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. റിതുരാജ് ഗെയ്ക്വാദ് ആയിരിക്കും ചെന്നൈയെ നയിക്കുക. എംഎസ് ധോണി നായകസ്ഥാനത്ത് തുടരുമെന്ന ആരാധകരുടെ പ്രതീക്ഷകൾക്കിടെയാണ് തീരുമാനം പുറത്തുവന്നത്.

RNUTVPM

**$$$$$$$$$$$$$$$$$$$$**

## ചൂട്

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. തിങ്കഴാഴ്ച വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം ജില്ലയിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഉയർന്ന താപനില 37°C* വരെയും, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 36°C വരെയും അനുഭവപ്പെടുമെന്നും അറിയിപ്പിൽ പറയുന്നു. ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്

**$$$$$$$$$$$$$$$$$$$$**

## ഓഹരി/സ്വർണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 539 പോയിൻറ് ഉയർന്ന് 72,641 ലും, ദേശീയ ഓഹരി

സൂചിക നിഫ്റ്റി 172 പോയിൻറ് വർദ്ധിച്ചു 22,011 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വിലയിൽ വർധന . ഗ്രാമിന് 100 രൂപ കൂടി 6180 രൂപയും, പവന് 800 രൂപ വർധിച്ച് 49,440 രൂപയുമാണ് ഇന്നത്തെ വില .

$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$

RNU TVPM